## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 81** **11-02-2025 - ൽ മറുപടിയ്ക്ക്**

## മത്സ്യമേഖലയുടെ സുസ്ഥിര വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനംമൂലം ഭൂമിയും വീടും നഷ്ടപ്പെടുന്ന, കടലോരത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം സ.ഉ (സാധാ) നം.1009/2019/മതുവ തീയതി 26.12.2019 പ്രകാരം ഭരണാനുമതി നല്കിയിരുന്നു.<br><br>പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. പുനർഗേഹം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷനു സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും സ.ഉ. (അച്ചടി) നം. 130/2021/ടാക്സസ് തിയതി 20.12.2021 & സ.ഉ. (അച്ചടി) നം. 131/2021/ടാക്സസ് തിയതി 20.12.2021 (എസ്.ആർ.ഒ നം. 962 & 963) എന്നിവ പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുക കൂടി ഇപ്രകാരം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.<br><br>വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത് സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, |

| | | | |
|---|---|---|---|
| | | | നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് 05/01/2024 ലെ സ.ഉ. (കൈ) നം. 1/2024/മ.തു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പദ്ധതി പ്രകാരം 9098 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4414 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3812 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2446 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1366 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. മാറി താമസിക്കാൻ സന്നദ്ധരായവരിൽ അനുയോജ്യമായ ഭൂമി കണ്ടെത്താൻ കഴിയാത്തവർ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്ന പ്രകാരം ജില്ലാ തലസമിതി കൂടി തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് രണ്ടാം ഘട്ടം (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ പരിഗണനയിലാണ്. പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി 76.92 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാകളക്ടർ/ലാന്റ് റവന്യൂ കമ്മീഷണർ/ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. |
| (ബി) | ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യമായ 'എസ്.ഡി.ജി.-14:ലൈഫ് ബിലോ വാട്ടർ' എന്നതിൽ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.<br><br>1. ശുചിത്വ സാഗരം സുന്ദര തീരം( കടലിലെയും തീരത്തെയും പ്ലാസ്റ്റിക് നീക്കം ചെയ്യുന്ന പദ്ധതി)<br><br>2. മണ്ണെണ്ണ എഞ്ചിനുകളെ എൽ.പി.ജി യിലേക്ക് മാറ്റുന്ന പദ്ധതി<br><br>3. കൃത്രിമപ്പാര് നിക്ഷേപിക്കൽ<br><br>4. സീ കേജ് ( കടലിലെ കൂട്ട് കൃഷി) |

| | | | |
|---|---|---|---|
| | | | 5. മിനിമം ലീഗൽ സൈസ് ( കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം)<br><br>6. കൺസർവേഷൻ-ഇൻലാന്റ്/മറൈൻ<br><br>7.റാഞ്ചിങ്ങ്-ഇൻലാന്റ്<br><br>8. ലൈവ് ഫിഷ് വെന്റിംഗ് സെന്റർ (LFVC)<br><br>9. Construction of fish kiosks including kiosks of aquarium/ornamental fish (അക്വേറിയം/ അലങ്കാര മത്സ്യത്തിന്റെ കിയോസ്കുകൾ എന്നിവ ഉൾപ്പെടെയുള്ള മത്സ്യ കിയോസ്കുകൾ)<br><br>10.മത്സ്യവിഭവങ്ങളുടെ സംരക്ഷണം, പരിപാലനം പദ്ധതി.<br><br>11.മത്സ്യത്തൊഴിലാളികൾക്ക് സ്കയർ മെഷ് കോഡ് എന്റ് വിതരണം ചെയ്യുന്ന പദ്ധതി<br><br>12. മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ എൽ. പി. ജി തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ അനുവദിക്കുന്ന പദ്ധതികൾ<br><br>13.പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെ മോട്ടോറൈസേഷൻ<br><br>14. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വല വാങ്ങുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി.<br><br>15. കടലിൽമത്സ്യവിത്ത് നിക്ഷേപിക്കൽ |
| (സി) | ഐ. യു. യു. (ഇല്ലീഗൽ, അൺറിപ്പോർട്ടഡ് ആന്റ് അൺ റെഗുലേറ്റഡ്) ഫിഷിംഗ് കുറയ്ക്കുന്നതിന് നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിനുള്ള ദേശീയ, പ്രാദേശിക ശ്രമങ്ങളെ ദുർബലപ്പെടുത്തി, സമുദ്ര ആവാസവ്യവസ്ഥയ്ക്ക് ഏറ്റവും വലിയ ഭീഷണിയായി നിയമവിരുദ്ധവും, റിപ്പോർട്ട് ചെയ്യപ്പെടാത്തതും, അനിയന്ത്രിതവുമായ (Illegal, Unreported, and Unregulated IUU) മത്സ്യബന്ധനം തുടരുന്നു. ഭക്ഷണത്തിനും വരുമാനത്തിനുമായി മത്സ്യബന്ധനത്തെ മുഖ്യമായി ആശ്രയിക്കുന്ന തീരദേശ സമൂഹങ്ങളിൽ IUU മത്സ്യബന്ധനം സാമൂഹിക-സാമ്പത്തിക ആഘാതം സൃഷ്ടിക്കുന്നു.<br><br>മത്സ്യബന്ധന പ്രവർത്തനങ്ങളെയും, മത്സ്യവിഭവ ലഭ്യതയെയും കുറിച്ചുള്ള വിവരങ്ങൾ റിപ്പോർട്ട് ചെയ്യാതിരിക്കുക, അല്ലെങ്കിൽ തെറ്റായി റിപ്പോർട്ട് ചെയ്യുകയോ, സംസ്ഥാനം ഏതെന്ന് അറിയാത്ത യാനങ്ങൾ മത്സ്യബന്ധനം നടത്തുക, സംസ്ഥാനങ്ങൾക്ക് നിയന്ത്രിക്കാനും, എളുപ്പത്തിൽ |

നിരീക്ഷിക്കാനും കഴിയാത്തതുമായ മത്സ്യബന്ധന പ്രവർത്തനങ്ങൾ നടത്തുക. തുടങ്ങി ദേശീയ, പ്രാദേശിക, അന്തർദേശീയ നിയമങ്ങൾക്ക് വിരുദ്ധമായി നടത്തുന്ന മത്സ്യബന്ധനവും, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും IUU മത്സ്യബന്ധനത്തിൽ ഉൾപ്പെടുന്നു.

മത്സ്യവിഭവങ്ങളുടെ സംരക്ഷണം, പരിപാലനം, സുസ്ഥിര ഉപയോഗം എന്നിവ കണക്കിലെടുത്തും, നിയമവിരുദ്ധവും, റിപ്പോർട്ട് ചെയ്യപ്പെടാത്തതും, അനിയന്ത്രിതവുമായ മത്സ്യബന്ധന പ്രവർത്തനങ്ങൾ നിയന്ത്രിയ്ക്കുന്നതിനുമായി കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (KMFRA 1980) ആക്ട്, 2017 & 2021 വർഷങ്ങളിൽ കാലോചിതമായി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ 2018-ൽ പുതിയ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ചട്ടങ്ങൾ (റൂളുകൾ) ആവിഷ്കരിച്ച് ഉത്തരവാകുകയും, തുടർന്ന് 2019, 2023, 2024 എന്നീ വർഷങ്ങളിൽ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

സുസ്ഥിര മത്സ്യബന്ധനം ലക്ഷ്യമിട്ട് തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററോ അതിൽ കൂടുതലോ നീളമുള്ളതും 250 എച്ച്. പി.യിൽ കൂടുതൽ കുതിര ശക്തിയുള്ള എഞ്ചിനുള്ളതുമായ യന്ത്രവത്കൃത മത്സ്യബന്ധനയാനങ്ങളുടെ തീരക്കടലിലെ മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്. 20 മീറ്ററിൽ കൂടുതൽ നീളമുള്ള മത്സ്യബന്ധന യാനങ്ങൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധനം നടത്താൻ ലൈസൻസ് നൽകുന്നില്ല. എന്നാൽ 25000/- രൂപ പെർമിറ്റ് ഫീസ് അടച്ച് തുറമുഖ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ അനുവദിക്കുന്നു. പഴ്സീൻ വലകൾ, പെലാജിക് ട്രോൾ വലകൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ/പെയർ ട്രോൾ, മുൻകൂട്ടി അനുമതി വാങ്ങാത്ത പുതിയ തരം മത്സ്യബന്ധന വലകൾ എന്നിവ നിരോധിച്ചിട്ടുണ്ട്. സൂര്യാസ്തമയം മുതൽ സൂര്യോദയം വരെ കടലിന്റെ അടിത്തട്ടുവരെ ഉഴുതുമറിയ്ക്കുന്ന തരത്തിലുള്ള ബോട്ടം ട്രോളിംഗ് നിരോധിച്ചിട്ടുണ്ട്. കേരള തീരത്ത് സുലഭമായി കണ്ടുവരുന്ന പ്രധാന മത്സ്യ ഇനങ്ങളെ പിടിയ്ക്കാൻ ഉപയോഗിയ്ക്കുന്ന വലകളുടെ ആകെ വലിപ്പം, കുറഞ്ഞ കണ്ണി വലിപ്പം എന്നിവ നിയന്ത്രിച്ചിട്ടുണ്ട്. ഡൈനാമിറ്റ് അല്ലെങ്കിൽ മറ്റ് സ്ഫോടക വസ്തുക്കൾ, വിഷം അല്ലെങ്കിൽ ദോഷകരമായ രാസവസ്തുക്കൾ, 12 വാട്ട്സിൽ കൂടുതൽ ഉള്ള കൃത്രിമ ലൈറ്റുകൾ എന്നിവ ഉപയോഗിച്ചുള്ള വിനാശകരമായ മത്സ്യബന്ധന

| | | | |
|---|---|---|---|
| | | | രീതികൾ നിരോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വസ്തുക്കൾ, ഉപയോഗശൂന്യമായ വലകൾ, തെങ്ങിന്റെ ക്ലാഞ്ഞിൽ, തൊണ്ട്, ഓല, മറ്റ് സസ്യഭാഗങ്ങൾ എന്നിവ കൂട്ടിക്കെട്ടി ഉണ്ടാക്കുന്ന മത്സ്യക്കെണികൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. പിടിക്കുന്ന മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും കയറ്റുമതി സുഗമമാക്കുന്നതിനും ട്രോൾ വലകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷും. ( Turtle Excluder device) TED ഉം നിർബ്ബന്ധമാക്കിയിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം (MLS) നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. സുസ്ഥിര മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് കേരളതീരത്തെ പ്രധാന മത്സ്യ ഇനങ്ങളുടെ പ്രജനന കാലമായ മൺസൂൺ കാലത്ത് 52 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി വരുന്നു.<br><br>KMFR നിയമത്തിന്റെ ലംഘനങ്ങൾക്ക് പിഴ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. MLS, ലംഘനം പെയർ ട്രോളിംഗ്, രജിസ്ട്രേഷനും ലൈസൻസും ഇല്ലാതെ മത്സ്യബന്ധനം, മത്സ്യബന്ധനത്തിന് അല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്നത് തുടങ്ങിയ ലംഘനങ്ങൾക്ക് എഞ്ചിന്റെ കുതിരശക്തിയെ അടിസ്ഥാനമാക്കി 5000 രൂപ മുതൽ 2.5 ലക്ഷം രൂപ വരെ പിഴ ശിക്ഷ കെ. എം എഫ് ആർ നിയമത്തിൽ നിഷ്കർഷിയ്ക്കുന്നുണ്ട്. |
| (ഡി) | കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും കടൽത്തീരം വൃത്തിയാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (ഡി) | 2018 വർഷം മുതൽ നീണ്ടകര ഹാർബർ കേന്ദ്രീകരിച്ച് ട്രോൾ ബോട്ട് ഉടമകളുടെയും തൊഴിലാളികളുടെയും സഹകരണത്തോടെ ശുചിത്വ സാഗരം' എന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ട്രോൾ വലകളിൽ കുടുങ്ങി ബോട്ടുകളിലേയ്ക്ക് എത്തിപ്പെടാറുണ്ട്. അങ്ങനെ എത്തിപ്പെടുന്ന പ്ലാസ്റ്റിക് തിരികെ കടലിലേയ്ക്ക് വലിച്ചെറിയാതെ പ്രത്യേകമായി നൽകുന്ന ബാഗുകളിലാക്കി കരയിലെത്തിക്കുകയും ഹാർബറിൽവെച്ച് പദ്ധതി പ്രവർത്തകർ അത് ഏറ്റുവാങ്ങി വൃത്തിയാക്കി റീസൈക്ലിംഗിന് വിധേയമാക്കി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതാണ് ശുചിത്വ സാഗരം' പദ്ധതി. പ്രസ്തുത |

പദ്ധതി നിലവിൽ നീണ്ടകര കേന്ദ്രീകരിച്ച് നടന്നു വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 1,45,238 kg പ്ലാസ്റ്റിക് കടലിൽ നിന്നും കൂടാതെ 49965 kg പ്ലാസ്റ്റിക് സമീപ പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ച ഷ്രെഡിംഗിന് വിധേയമാക്കി റോഡ് ടാറിംഗ് നും മറ്റും ഉപയോഗപ്പെടുത്തി വരുന്നു.

കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുക്കുന്നതിനായി മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, മറ്റ് സന്നദ്ധ സംഘടനകൾ, (രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ തുടങ്ങി മുഴുവൻ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ കടലും, തീരവും പ്ലാസ്റ്റിക്ക് മുക്തമാക്കുക എന്നതാണ് ശുചിത്വ സാഗരം സുന്ദര തീരം പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചുള്ള ബോധവത് കരണ പ്രവർത്തനങ്ങളാണ് ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരുന്നത്. 2022 ജൂൺ മാസം 8 ന് സംസ്ഥാനതല ഉദ്ഘാടനത്തോടുകൂടി ഒന്നാം ഘട്ടമായ ബോധവത്കരണ ക്യാമ്പയിൻ ആരംഭിച്ചു. സെമിനാറുകൾ, ബിറ്റ് നോട്ടീസുകൾ വിതരണം, ബ്രോഷറുകൾ, കലാപരിപാടികൾ, റോഡ് ഷോകൾ, ബൈക്ക് റാലികൾ, മെഴുകുതിരി ജാഥ, കടലോര നടത്തം, കുടുംബയോഗങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ക്വിസ്സ് മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ, സോഷ്യൽ മീഡിയ, എഫ്. എം റേഡിയോ വഴിയുള്ള പ്രചരണം എന്നിവയിലൂടെ ആണ് പ്രധാനമായും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചത്. കേരളത്തിലെ 9 തീരദേശ ജില്ലകളിലും ഇത്തരം പ്രവർത്തനങ്ങൾ ഒന്നാം ഘട്ടത്തിൽ സംഘടിപ്പിച്ചിരുന്നു.

ഒരു ദിവസം നീണ്ടുനിൽക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണവും അതിന്റെ പുനരുപയോഗവുമാണ് രണ്ടാം ഘട്ടത്തിൽ നടത്തുവാൻ ഉദ്ദേശിച്ചിരുന്നത്. 590 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന കേരളത്തിന്റെ കടൽത്തീരം പ്ലാസ്റ്റിക് മുക്തമാക്കുന്നതിനാണ് രണ്ടാം ഘട്ടത്തിൽ തീരുമാനിച്ചിരുന്നത്. ഓരോ കിലോമീറ്ററിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25 സന്നദ്ധ പ്രവർത്തകർ വീതം ഉൾപ്പെടുന്ന 600 ആക്ഷൻ

| | | | |
|---|---|---|---|
| | | | ഗ്രൂപ്പുകളെ സജ്ജമാക്കുന്നതിനും, ഓരോ ആക്ഷൻ ഗ്രൂപ്പുകളും ശേഖരിയ്ക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് അതാത് ആക്ഷൻ കേന്ദ്രങ്ങളിൽ സംഭരിയ്ക്കുകയും ക്ലീൻ കേരള കമ്പനി, ശുചിത മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ചുമതലയിൽ ഷ്രെഡിംഗ് യൂണിറ്റുകളിലേയ്ക്ക് മാറ്റി ശാസ്ത്രീയമായി സംസ്കരിയ്ക്കുകയും ചെയ്യുന്നതിനാണ് പദ്ധതിയിലെ രണ്ടാം ഘട്ടം വിഭാവനം ചെയ്തിരുന്നത്. ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണവും, പുനരുപയോഗവും, തുടർ ക്യാമ്പയിനും ആണ് മൂന്നാം ഘട്ടത്തിൽ സംഘടിപ്പിയ്ക്കുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ നീണ്ടകര ഹാർബറിൽ നടപ്പിലാക്കിവരുന്ന ശുചിത്വ സാഗരം' പദ്ധതി സംസ്ഥാനത്തെ പൂർണ്ണ തോതിൽ പ്രവർത്തിയ്ക്കുന്ന മറ്റ് 20 ഹാർബറുകളിലേയ്ക്ക് കൂടി വ്യാപിപ്പിയ്ക്കുന്നതിനും, കടലും തീരവും പ്ലാസ്റ്റിക് മുക്തമാകുന്നതിനായി ഒന്നും രണ്ടും ഘട്ടങ്ങളിൽ നടപ്പിലാക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ തുടർവർഷങ്ങളിലും നടപ്പിലാക്കുന്നതിനുമാണ് പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നത്.<br><br>പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 5 കോടി രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് 04/11/2022 ലെ സ.ഉ(സാധാ) നം. 746/2022/മ.ഉ.വ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ആയതിന് ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനമായ പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം തിരെഞ്ഞെടുക്കപ്പെടുന്ന ഹാർബറുകൾ, ബീച്ചുകൾ എന്നിവ കേന്ദ്രീകരിച്ചു നടപ്പിലാക്കാൻ നടപ്പ് വർഷം 150 ലക്ഷം രൂപയുടെ പദ്ധതി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി ക്രമീകരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഭരണാനുമതി അനുവദിക്കാവുന്ന തുക നിജപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കാൻ സാധിച്ചില്ല |

സെക്ഷൻ ഓഫീസർ